**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1996 — 04.05.2017 -ൽ മറുപടിക്ക്

## ഗ്രാമീണ ടൂറിസത്തിന് പ്രാധാന്യം നൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലകളിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഉതകുന്നവിധത്തിൽ ടൂറിസം മേഖലയിൽ എന്തെല്ലാം കർമ്മപദ്ധതികളാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ബാലരാമപുരം, മാന്നാർ, ആറന്മുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങൾ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമങ്ങളിൽ സാമൂഹിക സാമ്പത്തിക പഠനം നടത്തുന്നതിനും ഗ്രാമങ്ങളിലെ വിപണികളെയും ഉൽപ്പന്നങ്ങളെയും കുറിച്ച് പഠനം നടത്തി സഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിലെ ടൂറിസം സാധ്യതകളുള്ള മേഖലകൾ വികസിപ്പിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. |
| ബി) നഗരകേന്ദ്രീകൃത ടൂറിസത്തിൽ നിന്ന് മാറി ഗ്രാമീണ ജീവിതത്തിലേക്കുള്ള യാത്രകൾക്ക് പ്രാധാന്യം നൽകുന്ന സഞ്ചാരികളുടെ അഭിരുചി കണക്കിലെടുത്ത് അപരിചിത ദേശങ്ങളിലെ ഭക്ഷണം, ആചാരങ്ങൾ, കൃഷി എന്നിവ അറിയാനും അനുഭവിക്കാനും കഴിയുന്ന വിധത്തിൽ ടൂറിസം സംവിധാനങ്ങൾ ആകർഷകമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) ഉത്തരവാദ ടൂറിസം പദ്ധതിയിൽ ഇക്കാര്യങ്ങൾ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ